


ശാസ്ത്രം

ഫസൽ കാതിക്കോട്

ശാസ്ത്രത്തിന്റെ വിശ്വാസങ്ങളും
വിശ്വാസങ്ങളുടെ ശാസ്ത്രവും-2

# വിശ്വാസങ്ങളുടെയും മതങ്ങളുടെയും നവ വിശകലനങ്ങൾ

**ആത്മീയതക്കു** പിന്നിൽ ജീനുകളെ വരെ കണ്ടെത്തിയ ശാസ്ത്രം വിശ്വാസങ്ങൾക്കും മതങ്ങൾക്കും പിന്നിൽ വൈവിധ്യപൂർണമായ വിശദീകരണങ്ങളാണ് നിരത്തുന്നത്. വിശ്വാസം പരിണാമത്തിന്റെ ഫലമാണെന്നും ഭാഷ പോലെ, സംഗീതാസ്വാദനത്തിനുള്ള കഴിവു പോലെ, കണക്കു കൂട്ടാനറിയുന്നതുപോലെ മറ്റൊരു ജീവിക്കുമില്ലാത്ത മനുഷ്യന്റെ മാത്രമായ മൗലിക സവിശേഷതയാണെന്നും പാസ്കൽ ബോയറും ജെയിംസ് ആൽകോക്കും പറയുന്നു. തലച്ചോറിന്റെ വിസ്മയാവഹമായ വികാസത്തിന്റെ ഉപോൽപന്നമാണ് വിശ്വാസമെന്നാണ് പ്രമുഖ പരിണാമ ശാസ്ത്രജ്ഞനായ സ്റ്റീഫൻ ജെ. ഗൗൾഡിന്റെ വാദം. തന്നെയും പ്രപഞ്ചത്തെയും അറിയാനുള്ള കഴിവ് വികസിതമായ തലച്ചോറിന് ലഭ്യമായി. തന്നെപ്പറ്റിത്തന്നെ ചിന്തിക്കാൻ കഴിയുന്ന ഏക ജീവിയായി മനുഷ്യൻ. തന്നെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റിയും അവ രണ്ടും ബന്ധിപ്പിച്ചുകൊണ്ടുമുള്ള ചിന്ത ആത്മബോധമായും പിന്നെ ആത്മീയതയായും വികസിച്ചു. സ്വന്തം അസ്തിത്വത്തെക്കുറിച്ചുള്ള ബോധവും അസ്തിത്വത്തിന്റെ അന്ത്യം പോലും വിഭാവനം ചെയ്യാനുള്ള കഴിവും തലച്ചോറ് ആർജിച്ചു. തന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനമായി ആത്മാവിനെയും പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനമായി ദൈവത്തെയും മനുഷ്യൻ കണ്ടെത്തി.

**സാമൂഹിക ജീവിതത്തിലെ വിശ്വാസത്തിന്റെ അഭാവത്തിൽ യാതൊരു സാമൂഹികബന്ധവും നിലനിൽക്കില്ല. കുടുംബം, അയൽപക്കം, സംഘടനകൾ, രാഷ്ട്രം തുടങ്ങിയവയിലെല്ലാം വിശ്വാസം നിർണായകമാണ്. കറൻസിയെ പരിഗണിക്കൂ. അത് ഒരു കഷണം കടലാസാണ്. സങ്കീർണമായ വിശ്വാസങ്ങളാണ് അതിന് മൂല്യം നൽകുന്നത്.**

കാരണങ്ങൾ തെരയുക, വസ്തുതകൾക്ക് പിന്നിൽ പ്രവർത്തിച്ചതാര്/ എന്ത് എന്ന് കണ്ടെത്തുക (Agency detection, Causal attribution)തുടങ്ങിയ ചിന്താപ്രക്രിയകൾക്ക് മസ്തിഷ്കം കഴിവ് നേടിയതാണ് വിശ്വാസത്തിന്റെ ഒന്നാമത്തെ അടിസ്ഥാനമായിത്തീർന്നതെന്ന് ലൂസിയാനാ യൂനിവേഴ്സിറ്റിയിലെ സൈക്കോ

ളജി പ്രഫസർ റൊസ്സാനോമാറ്റ് പറയുന്നു. ഇതേ കഴിവ് അഥവാ യുക്തിചിന്ത തന്നെയാണ് മുഴുവൻ ഭൗതികവാദ ആശയങ്ങളുടെയും ശാസ്ത്രത്തിന്റെയും യുക്തിവാദത്തിന്റെയടക്കം അടിസ്ഥാനമായിത്തീർന്നിരിക്കുന്നതെന്നത് കൗതുകകരമാണ്. വിശ്വാസത്തിന്റെയും യുക്തിയുടെയും ജൈവിക-മാനസികാടിസ്ഥാനം ശാസ്ത്ര ദൃഷ്ടിയിൽ ഒന്നുതന്നെയാണ്.

വിശ്വാസങ്ങൾ ഉൽപാദിപ്പിക്കുന്ന എഞ്ചിനാണ് തലച്ചോറെന്നും അതിന്റെ ഏഴ് ഉപഘടകങ്ങൾ ചേർന്ന് വിശ്വാസം ഉണ്ടാകുന്നുവെന്നും വിശ്വാസയന്ത്രം (The belief engine) എന്ന വിശദപഠനത്തിൽ ജെയിംസ് ആൽകോക്ക് പറയുന്നു. വിശ്വാസങ്ങളെല്ലാം ഒന്നുതന്നെയാണ്. അതിന് യുക്തിപരം, അയുക്തികം എന്നിങ്ങനെ വേർതിരിവുകളില്ല. ടൂത്ത് പേസ്റ്റ് ഉപയോഗിക്കുന്നത് പല്ലുകൾക്ക് നല്ലതാണെന്ന് നിങ്ങൾ വിശ്വസിക്കുന്നു; നിങ്ങളുടെ പക്കൽ യാതൊരു തെളിവുകളുമില്ലെങ്കിലും. തലച്ചോറിലെ വിവിധ ഭാഗങ്ങൾ ചേർന്ന് വിശ്വാസങ്ങൾ ഉൽപാദിപ്പിക്കുകയാണ്; നിങ്ങളുടെ നിലനിൽപിനും അതിജീവനത്തിനും വേണ്ടി. അതിജീവനം (Survival) ആണ് ഓരോ ജീവിയുടെയും മുഖ്യ ലക്ഷ്യം. വിശ്വാസം ഉള്ളവർ എളുപ്പം അതിജീവിക്കുന്നു എന്നതിനാലാണ് അതിനെ നമ്മുടെ മസ്തിഷ്കം സ്വാംശീകരിച്ചത്. ഇലയനങ്ങുന്നതു കാണുമ്പോൾതന്നെ അതിനു പിന്നിൽ പുലിയാണെന്നു വിശ്വസിച്ച് ഓടിയൊളിക്കുന്ന മുയൽ വേഗം രക്ഷപ്പെടുന്നു. ഇലയനക്കിയത് കാറ്റോ പുലിയോ മറ്റെന്തെങ്കിലുമോ എന്നറിഞ്ഞിട്ട് ഓടി രക്ഷപ്പെടാമെന്ന് കരുതുന്ന യുക്തിവാദിയായ മുയലിന്റെ വംശം തന്നെ ഇല്ലാതാവുന്നു.

മനുഷ്യൻ സാമൂഹിക ജീവിയായി മാറിയതോടെ തലച്ചോറിന് കൂടുതൽ ശേഷികൾ കൈവന്നു. റൊസ്സാനോമാറ്റ് ഇവയെ കൂട്ടായ ജീവിതത്തിന്റെ വൈകാരിക സാമൂഹിക ബാധ്യതകൾ (The social and emotional commitments of social living) എന്നു വിളിക്കുന്നു. സാമൂഹിക ജീവിതം തലച്ചോറിന്റെ ഘടനയെ നിർണയിക്കുന്നതിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. സാമൂഹിക ജീവിതത്തിലെ വിശ്വാസത്തിന്റെ അഭാവത്തിൽ യാതൊരു സാമൂഹികബന്ധവും നിലനിൽക്കില്ല. കുടുംബം, അയൽപക്കം, സംഘടനകൾ, രാഷ്ട്രം തുടങ്ങിയവയിലെല്ലാം വിശ്വാസം നിർണായകമാണ്.

**ആധുനികത മനുഷ്യനെ ഭൗതികവാദി എന്നും വിശ്വാസി/ ആത്മീയവാദി എന്നും വിഭജിച്ചു. എന്നാൽ അവൻ മനുഷ്യനാകുന്നു. അവനിൽ ആത്മീയതയും ഭൗതികതയും ഉണ്ട്. വിമർശന ചിന്തയും വിശ്വാസവും ഉണ്ട് എന്നംഗീകരിക്കാൻ പുതിയ പഠനങ്ങൾ വഴിതെളിക്കുന്നു.**

കറൻസിയെ പരിഗണിക്കൂ. അത് ഒരു കഷണം കടലാസാണ്. സങ്കീർണമായ വിശ്വാസങ്ങളാണ് അതിന് മൂല്യം നൽകുന്നത്. രാഷ്ട്രത്തെ താങ്ങിനിർത്തുന്ന ഭൗതികവും വിശ്വാസപരവുമായ ബന്ധങ്ങൾ തകർന്നാൽ ഇറാഖിൽ സംഭവിച്ചതുപോലെ, കറൻസി തെരുവിൽ കുട്ടികൾ തട്ടിക്കളിക്കുന്ന കടലാസു കഷ്ണങ്ങളായിത്തീരും.

തലച്ചോറിൽ നടക്കുന്ന ജൈവ പ്രക്രിയകളെ മതം-മതേതരം, വിശ്വാസഭരിതം-വിശ്വാസരഹിതം എന്നിങ്ങനെ വേർതിരിക്കാനാവില്ല. അവയെല്ലാം നമ്മുടെ ജീവിത പ്രക്രിയകളാണ്. "തലച്ചോറ് ഒരു വിശ്വാസ യന്ത്രമാണ്. വിശ്വാസം നമ്മുടെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളെയും ബാധിക്കുന്നു. ദൈവനിഷേധികൾക്കും വിശ്വാസ സംവിധാനങ്ങളുണ്ട്-" പെൻസിൽവാനിയ യൂനിവേഴ്സിറ്റിയിലെ പ്രഫസർ ഡോ. ആൻഡ്രൂ ന്യൂബെർഗ് പറയുന്നു. സാമൂഹികജീവിതം തലച്ചോറിന്റെ നിർമാണത്തിൽ ചെലുത്തിയ സ്വാധീനത്തിന്റെ ഫലമായി സമൂഹത്തിന്റെ കെട്ടുറപ്പിന് ആവശ്യമായതും പ്രയോജനകരമായതും എല്ലാം വിശുദ്ധമായി പരിഗണിക്കപ്പെടുന്നു. വിശുദ്ധമായതിനെക്കുറിച്ച വിശ്വാസമാണ് മതമായി പരിഗണിക്കപ്പെടുന്നത്. ദൈവം ഇല്ലാത്ത സിവിൽ മതങ്ങളും നിലനിൽക്കുന്നു. ഇവയുടെ പിന്നിലുള്ളതും വിശ്വാസം ഉൽപാദിപ്പിക്കുന്ന തലച്ചോറാണ്. ഓരോ രാഷ്ട്രത്തിന്റെയും വിശുദ്ധ വസ്തുക്കൾ ആ രാഷ്ട്രത്തിന്റെ മതചിഹ്നങ്ങളാണ്. ഉദാഹരണമായി, അമേരിക്കൻ സിവിൽ മതം. അതിന്റെ പരിശുദ്ധ വസ്തുക്കളാണ് അതിന്റെ പതാകയും ഗാനങ്ങളും എബ്രഹാം ലിങ്കൻ, മാർട്ടിൻ ലൂതർ കിംഗ് തുടങ്ങിയവരും. പാർട്ടികൾക്കും ഇത് ബാധകമാണ്. അമ്പലത്തിലെ ദൈവ പ്രതിമയെ അവഹേളിക്കുന്നതും, ചില്ലുകൂട്ടിലിരിക്കുന്ന ശ്രീനാരായണഗുരു പ്രതിമയെ കല്ലെറിയുന്നതും, കവലയിൽ നിൽക്കുന്ന പാർട്ടി രക്തസാക്ഷി സ്തൂപം തകർക്കുന്നതും അതതു സമൂഹങ്ങളിൽ ഒരുപോലെ വികാരമുണർത്തുകയും അക്രമങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. പാർട്ടിയുടെ വിശുദ്ധ ചിഹ്നങ്ങളാണ് അതിന്റെ പതാകയും പുസ്തകങ്ങളും ഗാനങ്ങളുമെല്ലാം.

വ്യത്യസ്തമായ രണ്ട് വസ്തുതകളെ ബന്ധപ്പെടുത്തി ചിന്തിക്കുന്നത് വിശ്വാസത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങളിലൊന്നാണ്. ചിലപ്പോൾ ഈ വസ്തുതകൾ തമ്മിൽ യാതൊരു ബന്ധവുമുണ്ടാവില്ല. അതീന്ദ്രിയ ചിന്ത (Magical thought) എന്നാണിതിനെ ജയിംസ് ആൽകോക്ക് വിളിക്കുന്നത്. ഉദാഹരണമായി, കുരിശുവരക്കുന്നത് നല്ലത് കൈവരുത്തുമെന്ന് വിശ്വസിക്കപ്പെടുന്നു. കുരിശ് വരക്കുന്നതും നന്മ കൈവരുത്തുന്നതും തമ്മിൽ ബന്ധമൊന്നുമില്ലെങ്കിലും, അവയെ ബന്ധപ്പെടുത്തുന്നത് മാജിക്കൽ ചിന്തയുടെ ഭാഗമായാണ്. ഇതുപോലെയുള്ള ബന്ധങ്ങളിലൂടെയാണ് ഭൗതികമെന്നോ അഭൗതികമെന്നോ വേർതിരിവില്ലാതെ വിശ്വാസങ്ങൾ നിലനിൽക്കുന്നത്.

ഒരാൾ ദൈവവിശ്വാസിയാവുമ്പോഴും ഭൗതികവാദിയാവുമ്പോഴും ഇത് രണ്ടിന്റെയും വിശ്വാസിയാവുമ്പോഴും ഇത്തരത്തിലുള്ള ബന്ധങ്ങൾ രൂപവത്കരിക്കപ്പെടുന്നു. വളർന്നു വന്ന ചുറ്റുപാടുകൾ, മാതാപിതാക്കളുടെ വിശ്വാസങ്ങൾ, വിദ്യാഭ്യാസം തുടങ്ങിയ അനേകം ബന്ധങ്ങൾ ഒരുവനെ വിശ്വാസിയാക്കി മാറ്റുന്നു. വൈകാരികാനുഭവങ്ങൾ, ഉപദേശങ്ങൾ, ജീവിതസന്ദർഭങ്ങൾ ഒക്കെ വിശ്വാസങ്ങൾ വളർത്തും. ശാസ്ത്രത്തെ സ്നേഹിക്കുന്നവരുടെ സമൂഹത്തിൽ നാം ശാസ്ത്ര വിശ്വാസിയാവാനുള്ള പഴുതുകൾ തെരയും. മതവിശ്വാസികളുടെ കൂട്ടത്തിൽ നാമതിനുള്ള വഴികൾ ആരായും. ഇങ്ങനെ സമൂഹങ്ങൾക്കകത്തെ നിലനിൽപ് നാം ഉറപ്പുവരുത്തും. എവിടെയും അതിജീവനം ആണ് നമ്മുടെ ലക്ഷ്യം.

ശാസ്ത്രത്തിലും ശാസ്ത്രജ്ഞരിലുമുള്ള വിശ്വാസമാണ് നമ്മെ ശാസ്ത്രവാദിയോ ഭൗതികവാദിയോ ആവാൻ

പ്രേരിപ്പിക്കുന്നത്. ശാസ്ത്ര തത്ത്വങ്ങളെല്ലാം പഠിച്ചതിനു ശേഷം ഒരാൾക്ക് ശാസ്ത്രവിശ്വാസിയാവാൻ സാധ്യമല്ല. ശാസ്ത്രത്തിൽ അഗാധജ്ഞാനമുള്ളവർ മതവിശ്വാസികളും പ്രചാരകരുമായിത്തീരാറുണ്ട്. നേരെ മറിച്ചും സംഭവിക്കാറുണ്ട്. ഇതിനു കാരണം നമ്മുടെ മസ്തിഷ്കത്തിന്റെ മാജിക്കൽ ചിന്തയാണ്.

ഇവിടെ ഉയർന്നുവരാവുന്ന ചില ചോദ്യങ്ങളുണ്ട്. ഒരാൾ പൂർണ യുക്തിവാദിയോ ശാസ്ത്രീയബോധമുള്ളവനോ ആയി മാറുന്നതെന്തുകൊണ്ട്? മതമോ വിശ്വാസം തൊട്ടുതീണ്ടാത്തവരായി ഒട്ടേറെയാളുകൾ നമ്മുടെ ചുറ്റിലുമുണ്ടാവുന്നതെങ്ങനെ? പഠനത്തിലൂടെയും പരിശീലനത്തിലൂടെയുമാണിത് സാധിക്കുക. സ്വതവേ കലാഭിരുചിയുള്ള ഒരാൾ മികച്ച കലാകാരനായിത്തീരുന്നതുപോലെ, ഗായകനോ ശാസ്ത്രജ്ഞനോ ക്രിക്കറ്റ് കളിക്കാരനോ മറ്റെന്തെങ്കിലും അഭിരുചിയുള്ളവനോ വൈദഗ്ധ്യം നേടിയവനോ ആയിത്തീരാം. തലച്ചോറിന്റെ വഴങ്ങൽ പ്രവണത (Brain plasticity) എന്നാണ് ഈ പ്രക്രിയയുടെ പേര്. ന്യൂറോണുകൾ തമ്മിൽ സ്ഥാപിക്കപ്പെടുന്ന ബന്ധങ്ങളാണ് പഠനം. ഒരു പ്രത്യേക മേഖലയിൽ ശ്രദ്ധ ചെലുത്തി പഠനം നടത്തുമ്പോൾ ആ മേഖലയിലെ ന്യൂറോണുകൾ തമ്മിൽ അസംഖ്യം ബന്ധങ്ങൾ രൂപീകരിക്കപ്പെടുന്നു. അങ്ങനെ ആ പ്രത്യേക മേഖല നമ്മിൽ കൂടുതൽ സ്വാധീനം ചെലുത്തുന്ന മേഖലയായി വളരുന്നു. ഇതിനർഥം അവന്റെ അടിസ്ഥാന പ്രകൃതി മുഴുവൻ മാറ്റിമറിക്കപ്പെടുന്നുവെന്നല്ല. ഏതൊരു ഭൗതികവാദിയും അതിജീവനം ആവശ്യമായിരിക്കുന്ന സന്ദർഭങ്ങളിൽ അവന്റെ വിമർശനചിന്ത സ്വിച്ച്ഓഫ് ചെയ്യും. ഇതേ ബ്രയിൻ പ്ലാസ്റ്റിസിറ്റി തന്നെയാണ് ഭൗതികവാദിയായിരിക്കുന്ന ഒരുവനെ മതവിശ്വാസിയാക്കുന്നതും. മതം മാറുന്നതും ആശയങ്ങൾ മാറുന്നതുമെല്ലാം ഈ സവിശേഷത കൊണ്ടു തന്നെ സാധ്യമാവുന്നു. അപകടകങ്ങളിൽ തലച്ചോറിന്റെ പകുതിയും നിർജീവമായ ചിലരുടെ തലച്ചോറിന്റെ മറ്റേ പാതി മുഴുവൻ പ്രവർത്തനങ്ങളുടെയും നിയന്ത്രണം ഏറ്റെടുത്തതിന് ഉദാഹരണങ്ങളുണ്ട്.

## നവ വിശ്വാസ വിശകലനങ്ങൾ വിലയിരുത്തുമ്പോൾ

വിശ്വാസത്തിന്റെ നവ വിശകലനങ്ങളുടെ ഒന്നാമത്തെ സവിശേഷത അവ മനുഷ്യൻ എന്ന മൗലികതയെ പുനഃസ്ഥാപിക്കുന്നു എന്നതാണ്. ആധുനികത മനുഷ്യനെ ഭൗതികവാദി എന്നും വിശ്വാസി/ ആത്മീയവാദി എന്നും വിഭജിച്ചു. എന്നാൽ അവൻ മനുഷ്യനാകുന്നു. അവനിൽ ആത്മീയതയും ഭൗതികതയും ഉണ്ട്. വിമർശന ചിന്തയും വിശ്വാസവും ഉണ്ട് എന്നംഗീകരിക്കാൻ പുതിയ പഠനങ്ങൾ വഴിതെളിക്കുന്നു. പൂർണ ഭൗതികവാദിയോ പൂർണ ആത്മീയവാദിയോ ആവുക ഒരാൾക്കും സാധ്യമല്ല. അത് മനുഷ്യന്റെ പ്രകൃതിക്കെതിരാണ്. അവന്റെ പ്രകൃതി അതിനവനെ സമ്മതിക്കില്ല, അവൻ അങ്ങനെ അവകാശപ്പെട്ടാലും.

വിശ്വാസങ്ങൾ മനുഷ്യന്റെ മൗലിക സവിശേഷതയാണെന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു, അംഗീകരിക്കുന്നു. മനുഷ്യൻ ജീവിക്കുന്ന പരിതസ്ഥിതികൾ മാറുമ്പോൾ വിശ്വാസങ്ങളും ഇല്ലാതായിക്കൊള്ളും എന്ന ആധുനികതയുടെ വിശ്വാസത്തെ അത് തകർത്തുകളയുന്നു.

**ശാസ്ത്രത്തിലും ശാസ്ത്രജ്ഞരിലുമുള്ള വിശ്വാസമാണ് നമ്മെ ശാസ്ത്രവാദിയോ ഭൗതികവാദിയോ ആവാൻ പ്രേരിപ്പിക്കുന്നത്. ശാസ്ത്ര തത്ത്വങ്ങളെല്ലാം പഠിച്ചതിനു ശേഷം ഒരാൾക്ക് ശാസ്ത്രവിശ്വാസിയാവാൻ സാധ്യമല്ല. ശാസ്ത്രത്തിൽ അഗാധജ്ഞാനമുള്ളവർ മതവിശ്വാസികളും പ്രചാരകരുമായിത്തീരാറുണ്ട്. നേരെ മറിച്ചും സംഭവിക്കാറുണ്ട്. ഇതിനു കാരണം നമ്മുടെ മസ്തിഷ്കത്തിന്റെ മാജിക്കൽ ചിന്തയാണ്.**

മനുഷ്യന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായി അത് വിശ്വാസത്തെ അംഗീകരിക്കുന്നു. വിശ്വാസം പൂർണമായി എടുത്തുമാറ്റപ്പെട്ട ഒരു മനുഷ്യന് പിന്നെ നിലനിൽപില്ല. മറ്റൊരു വസ്തുത, മത-മതേതര മേഖലകൾ എന്ന പരിധിയൊന്നും പാലിക്കാതെ വിശ്വാസങ്ങൾ മാനവജീവിതത്തിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നുവെന്നതാണ്. വിശ്വാസങ്ങളെ ഭൗതിക കാഴ്ചപ്പാടിലൂടെ തന്നെയാണ് വിശകലനം ചെയ്യുന്നതെങ്കിലും അവ മതങ്ങൾ അവതരിപ്പിച്ച വിശ്വാസ സങ്കൽപങ്ങളോട് കൂടുതൽ അടുത്തു നിൽക്കുന്നു. വിശ്വാസം എന്ന സവിശേഷതയുടെ പിറവി ഭൗതിക പദാർഥത്തിൽനിന്നോ അഭൗതിക യാഥാർഥ്യങ്ങളിൽനിന്നോ എന്ന വലിയ ചോദ്യം ഇവിടെ അവശേഷിക്കുന്നുവെന്നതും കാണാതിരിക്കേണ്ടതില്ല. ■

### സഹായക ഗ്രന്ഥങ്ങൾ/ ലേഖനങ്ങൾ


- Is God in our genes? Jefery Kluger. *Time* Magazine. Oct. 17, 2004
- Beliefs Control our genes- Thomas Herold. Scientific background. Aug. 26, 2006
- Book review: The biology of belief - Bruce. H. Lipton
- The belief engine- James Alcock. Professor of psychology in York Univ. Website of York Univ.
- The Evolutionary psychology of Religion- Stevan Pinker. Harward Univ. Pinker. Wjh. Harvard.edu
- Study paper- The religious mind and the evolution of religious forms- Rossano. Matt. Professor dept. of psychology. South eastern Louisiana Univ. LA. U.S.A
- Study papers of Pascal Boyer. Prof. Dept. of Anthropology and Psychology. Washington Univ. USA
  1. Religious thought and behaviour as by-products of Brain function
  2. Why is religion natural?
  3. Cognitive architecture of the Imagination
  4. Evolutionary perspectives of Religion
- BBC- Faith lectures of Vilayannur S. Ramachandran. Parts 1-5
- Study paper- Beliefs and the Brain- Julien Bogousslavsky. European Neurology journal. June 29, 2007
- Paranormal belief linked to Brain chemistry- New Scientist Magazine, 2002 July 27. - Helen Philips.
- Pascal Boyer- Religion explained. Book review- Vintage Magazine- London 2001
- *മാതൃഭൂമി, ശാസ്ത്രഗതി, മാധ്യമം* ആഴ്ചപ്പതിപ്പുകൾ- വിവിധ ലക്കങ്ങൾ
- *ഇസ്‌ലാം രാജമാർഗം*-ബെഗോവിച്ച്